**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.724 02.12.2015-ൽ മറുപടിക്ക്**

**ചികിത്സ ലഭിക്കാതെ മരണം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2015 സെപ്തംബർ 15-ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിഖിൽ എന്ന വിദ്യാർത്ഥി മരണപ്പെട്ടത് ചികിത്സ ലഭിക്കാതെയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇക്കാര്യത്തിൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ പ്രഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് സർപ്പിക്കുകയുമുണ്ടായി. ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടേയും, ജീവനക്കാരുടേയും ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ലെന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ, കുട്ടിയുടെ മാതാപിതാക്കളെ നേരിട്ട് കണ്ടപ്പോൾ ഡോക്ടർമാരുടേയും ജിവനക്കാരുടേയും, ഭാഗത്തു നിന്നും തൃപ്തികരമായ പെരുമാറ്റം ഉണ്ടായിട്ടില്ലെന്നും യഥാസമയം കൃത്യമായ ചികിത്സ ലഭ്യമായില്ലായെന്നും അവർ പറഞ്ഞതായും ആയതിനാൽ ടി വിഷയത്തിൽ ഒരു അന്വേഷണം ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം നടത്തണമെന്നും, ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനു ശേഷം നടപടി സ്വീകരിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. |
| (സി) നിഖിലിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നല്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ